# അമൃത ആസ്പത്രിയും ലക്ഷദ്വീപും തമ്മിൽ ടെലി മെഡിസിൻ സംവിധാനം

**കൊച്ചി:** അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് റിസർച്ച് സെൻററും ലക്ഷദ്വീപിലെ കവരത്തിയിലുള്ള ഇന്ദിരാഗാന്ധി ആസ്പത്രിയും തമ്മിൽ ടെലി മെഡിസിൻ സംവിധാനം നിലവിൽവന്നു. ഇതിൻെറ ഉദ്ഘാടനം കവരത്തിയിൽ നടന്ന ചടങ്ങിൽ ഐഎസ്ആർഒ ചെയർമാൻ ഡോ. കെ. കസ്തൂരിരംഗൻ നിർവഹിച്ചു.

ലോക്സഭാ ഡപ്യൂട്ടി സ്പീക്കർ പി.എം. സയീദ് അധ്യക്ഷനായി. ലക്ഷദ്വീപിലെ മെഡിക്കൽ ആരോഗ്യകാര്യ ഡയറക്ടർ ഡോ. ആറ്റക്കോയ, എഐഎംഎസ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേംനായർ, അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ ഡോ. റോൺ ഗോഡ്സ്ജീൻ, വൈസ് പ്രസിഡണ്ട് എ.പി.എസ്. കൃഷ്ണൻ തുടങ്ങിയവർ സംബന്ധിച്ചു.

ലക്ഷദ്വീപ് ആസ്പത്രിയിലെ ഡോക്ടർമാർക്ക് രോഗികളെ ചികിത്സിക്കുന്ന ഘട്ടത്തിൽ കൊച്ചിയിൽ അമൃത ആസ്പത്രിയിലെ ഡോക്ടർമാരുടെ വിദഗ്ധോപദേശം തേടാം.

കമ്പ്യൂട്ടർസ്ക്രീനിലൂടെ ഇരുകൂട്ടർക്കും പരസ്പരം കണ്ട് ചർച്ചകൾ നടത്താം. അടിയന്തരമായി വിദഗ്ധ ചികിത്സ വേണ്ടിവരുന്ന രോഗികളെ വൻകരയിൽ എത്തിക്കുന്നതിന് സമയമെടുക്കുമെന്നതിനാൽ, അത്തരം സന്ദർഭങ്ങളിൽ ടെലിമെഡിസിൻ ഏറെ ഉപകാരപ്രദമാവും.

ഡോ. ദിലീപ് പണിക്കർ നന്ദിപറഞ്ഞു. ഡോ. ഗോഡ്സ്ജീന് ഡോ. എൽ.എസ്. സത്യമൂർത്തി ഉപഹാരം നൽകി.